കെ. യു. ഡി. എഫ്. സി. ഭരണത്തെ സജീവമാക്കാൻ നടപടി

87 (3839) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരവികസനത്തെപ്പറ്റിയുള്ള ശാസ്ത്രീയ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ കെ. യു. ഡി. എഫ്. സി. പുനഃസംഘടിപ്പിക്കാനും വിപുലപ്പെടുത്താനും ഗവൺമെന്റ് സന്നദ്ധമാകുമോ ;

(ബി) കെ. യു. ഡി. എഫ്. സി. യുടെ വളർച്ച മുരടിച്ച് നിൽക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് എപ്പോഴെങ്കിലും പരിശോധിച്ചിട്ടുണ്ടോ ;

(സി) ഒരു ഐ.എ.എസ്. ഓഫീസർ എം.ഡി.യായി കെ.യു.ഡി.എഫ്.സി. ഭരണത്തെ സജീവവും, ലക്ഷ്യബോധവുമുള്ളതുമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.യു.ഡി.എഫ്.സി. പുനഃസംഘടിപ്പിക്കാനുള്ള നടപടികൾ ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) കാലാകാലങ്ങളിൽ കെ.യു.ഡി.എഫ്.സി.യുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചു. വിലയിരുത്തുകയും ഇനിയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് കേന്ദ്ര വിദഗ്ദ്ധ സംഘത്തിന്റെ പഠനം

88 (3840) ശ്രീ. പി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പനി വ്യാപിപ്പിക്കുന്ന വൈറസുകളെ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) വ്യാപകമാകുന്ന പനി നിയന്ത്രിക്കുന്നതിനും പനിമൂലമുള്ള മരണങ്ങൾ നിയന്ത്രിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടി ഗുണപ്രദമല്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പനി പിടിപെടാനുള്ള യഥാർത്ഥ കാരണങ്ങൾ കണ്ടുപിടിക്കുന്നതിന് ഡോക്ടർമാർ അടങ്ങുന്ന വിദഗ്ദ്ധ സമിതിയെ നിയോഗിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വിദഗ്ദ്ധ സംഘം കേരളത്തിൽ പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly